**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **07-12-2022 - ൽ മറുപടിയ്ക്ക്**

## പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്നും ഓരോന്നിനും ആർക്കൊക്കെ അപേക്ഷ സമർപ്പിക്കണം എന്നുള്ളതിന്റെയും വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജില്ലാ തലത്തിൽ സ്കോളർഷിപ്പുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര് അറിയിക്കാമോ; | (ബി) | ഒ.ഇ.സി/ഒ.ബി.സി.(എച്ച്) വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ അതത് ജില്ലകളുടെ പരിധിയിൽ വരുന്ന മേഖലാ ഓഫീസുകളിലെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും, ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് വകുപ്പ് ഡയറക്ടർ നേരിട്ടുമാണ് കൈകാര്യം ചെയ്യുന്നത്. ഒ.ഇ.സി/ഒ.ബി.സി.(എച്ച്)/ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും കൈകാര്യം ചെയ്യുന്നു. |
| (സി) | ലഭിച്ചു കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് ഏതെങ്കിലും കാരണവശാൽ നിർത്തലാക്കിയാൽ ആയത് അപേക്ഷകരെ അറിയിക്കേണ്ടതുണ്ടോ; വിശദാംശം നൽകാമോ? | (സി) | പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് തലത്തിലുള്ള സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് വിതരണം ചെയ്യുന്നത്. ലഭിച്ചു കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് ഏതെങ്കിലും കാരണവശാൽ നിർത്തലാക്കിയാൽ ആയത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന പരിശോധിക്കാവുന്നതാണ്. വ്യക്തിഗതമായ അറിയിപ്പ് നിലവിൽ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സ്കോളർഷിപ്പ് പദ്ധതി | യോഗ്യതാ മാനദണ്ഡം | അപേക്ഷിക്കുന്ന വിധം |
|---|---|---|
| ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (2021-22 വരെ 50% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതി; നടപ്പ് വർഷം മുതൽ 60:40 അനുപാതത്തിൽ അനുവദിക്കുന്നു.) | • സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥി കൾ ആയിരിക്കണം.<br>• കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്.<br>• 2021-22 വരെ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിരുന്നു. നടപ്പ് വർഷം മുതൽ കേന്ദ്ര സർക്കാർ ഈ പദ്ധതി 9, 10 ക്ലാസ്സുകൾക്ക് മാത്രമായി പരിമിതിപ്പെടുത്തിയിട്ടുണ്ട്. | സ്കൂളുകൾ മുഖേന ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. |
| ഒ.ഇ.സി പ്രീമെട്രിക് സ്കോളർഷിപ്പ് | • സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് / അൺ-എയ്ഡഡ് / അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായ ങ്ങളിലെ വിദ്യാർത്ഥികൾ ആയിരിക്കണം.<br>• ഒ.ഇ.സി. സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല.<br>• ഒ.ബി.സി.(എച്ച്) വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. | ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കുന്നത്. |

| | | |
|---|---|---|
| ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (2021-22 വരെ 100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതി ; നടപ്പ് വർഷം മുതൽ 60:40 അനുപാതത്തിൽ അനുവദിക്കുന്നു) | • സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്.<br>• കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ | ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കുന്നത്. |
| ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് | • സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട് മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ് കോളർഷിപ്പ് അനുവദിക്കുന്നു.<br>• ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല.<br>• ഒ.ബി.സി.(എച്ച്) വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി.<br>• കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. | ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കുന്നത്. |

| | | |
|---|---|---|
| ഓവർസീസ് സ്കോളർഷിപ്പ് | • ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥി കൾക്ക് വിദേശ സർവ്വകലാ ശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യൂവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള പദ്ധതിയാണിത്.<br>• പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.<br>• 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. | ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കുന്നത്. |
| എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | • പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി<br>• മെഡിക്കൽ / എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലനം നടത്തുന്ന വിദ്യാർത്ഥി കൾക്ക് അപേക്ഷിക്കാവുന്നതാണ്.<br>• കുടുംബ വാർഷിക വരുമാന പരിധി 2 ലക്ഷം (മെഡിക്കൽ/ എഞ്ചിനീയ റിംഗ് എൻട്രൻസ്, ബാങ്കിംഗ്)<br>2.5 ലക്ഷം (UGC/JRF, GATE/MAT)<br>4.5 ലക്ഷം (സിവിൽ സർവ്വീസ്) | ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കുന്നത്. |